**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1965** **03-03-2025 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. മെമ്പർമാരുടെ ശമ്പളവും അലവൻസുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പി.എസ്.സി. മെമ്പർമാരുടെ ശമ്പളവും അലവൻസുകളും സർക്കാർ വർധിപ്പിക്കുകയുണ്ടായോ; ഉണ്ടായെങ്കിൽ ഏതൊക്കെ ഇനങ്ങളിലാണ് ഇപ്പോൾ വർദ്ധനവ് വരുത്തിയിട്ടുള്ളത്; | (എ) | PSC ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പള പരിഷ്കരണ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വർദ്ധനവ് പ്രാബല്യത്തിൽ വരുന്നതോടുകൂടി അംഗങ്ങൾക്ക് ശമ്പളവും മറ്റ് അലവൻസുകളും കൂടി എത്ര രൂപ വീതമാകും ലഭിക്കുക; | (ബി) | PSC ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പള പരിഷ്കരണ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | മുൻകാല പ്രാബല്യത്തോടു കൂടിയാണോ ഇവർക്ക് ശമ്പള വർദ്ധനവ് അനുവദിക്കുക; എങ്കിൽ എന്നു മുതലാണ് ശമ്പള വർദ്ധനവ് പ്രാബല്യത്തിൽ വരുന്നത്; ഇതിനായി ആകെ എത്ര രൂപ വേണ്ടി വരുമെന്നാണ് സർക്കാർ കണക്കാക്കുന്നത്; | (സി) | 01.01.2025 മുതൽ പ്രാബല്യമുണ്ട്.<br>യഥാർത്ഥ കണക്ക് ശമ്പള നിർണ്ണയം നടത്തിയ ശേഷമേ ലഭ്യമാകൂ. |
| (ഡി) | പ്രസ്തുത ശമ്പള വർദ്ധനവ് നടപ്പിൽ വരുത്തുന്നതിനായി ആകെ എത്ര രൂപയാണ് പ്രതിമാസം സർക്കാരിന് അധികമായി ചെലവാക്കേണ്ടി വരുന്നത്; | (ഡി) | 01.01.2025 മുതൽ പ്രാബല്യമുണ്ട്.<br>യഥാർത്ഥ കണക്ക് ശമ്പള നിർണ്ണയം നടത്തിയ ശേഷമേ ലഭ്യമാകൂ. |
| (ഇ) | പി.എസ്.സി. മെമ്പർമാരുടെ ശമ്പളത്തിലും മറ്റ് അലവൻസുകളിലും എത്ര രൂപയുടെ വാർഷിക വർദ്ധനവാണ് പുതിയ പരിഷ്കരണം പ്രകാരം അനുവദിക്കുക; | (ഇ) | 01.01.2025 മുതൽ പ്രാബല്യമുണ്ട്.<br>യഥാർത്ഥ കണക്ക് ശമ്പള നിർണ്ണയം നടത്തിയ ശേഷമേ ലഭ്യമാകൂ. |
| (എഫ്) | മുൻ അംഗങ്ങളുടെ പെൻഷൻ ഇതോടൊപ്പം വർദ്ധിപ്പികുകയുണ്ടായോ; എങ്കിൽ എത്ര രൂപയുടെ വർദ്ധനവാണ് ഒരോരുത്തരുടെ പെൻഷനിലും വരുത്തിയിട്ടുള്ളത്; ഇവരുടെ പെൻഷനിലും മറ്റ് അലവൻസുകളിലും എത്ര രൂപയുടെ വാർഷിക വർദ്ധനവ് വീതമാണ് പുതിയ പരിഷ്കരണം പ്രകാരം അനുവദിക്കുക; ഇതിനായി ആകെ എത്ര രൂപയാണ് സർക്കാർ അധികമായി കണ്ടെത്തേണ്ടി വരുന്നത്; | (എഫ്) | ഇല്ല. |

| | | | |
|---|---|---|---|
| (ജി) | മുൻകാല പ്രാബല്യത്തോടു കൂടിയാണോ ഇവർക്ക് പെൻഷൻ വർദ്ധനവ് അനുവദിക്കുക; എങ്കിൽ എന്നു മുതലാണ് പെൻഷൻ വർദ്ധനവ് പ്രാബല്യത്തിൽ വരുന്നത്; ഇതിനായി ആകെ എത്ര രൂപയാണ് സർക്കാർ ചെലവ് പ്രതീക്ഷിക്കുന്നത്? | (ജി) | ഇല്ല. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടേയും ശമ്പളം പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(കൈ) നം.25/2025/GAD തീയതി,തിരുവനന്തപുരം, 24-02-2025

---

പരാമർശം:- 1. സ.ഉ. (കൈ) നം. 413/2010/പൊഭവ തീയതി. 27.12.2010.

2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ സമർപ്പിച്ച 18.01.2023 - ലെ CO2/8/2019-KPSC നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**<u>ഉത്തരവ്</u>**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാന്റെ ശമ്പളം ജില്ലാ ജഡ്ജിമാരുടെ സൂപ്പർ ടൈം സ്കെയിലിലെ പരമാവധി തുകയ്ക്ക് തുല്യമായും (Rs.76,450/-) അംഗങ്ങളുടെ ശമ്പളം ജില്ലാ ജഡ്ജിമാരുടെ സെലക്ഷൻ ഗ്രേഡ് സ്കെയിലിലെ പരമാവധി തുകയ്ക്ക് തുല്യമായും (Rs.70,290/-), 01.01.2006 പ്രാബല്യത്തിൽ പരിഷ്കരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

(2) ജുഡീഷ്യൽ ഓഫീസർമാരുടെ നിലവിലുള്ള ശമ്പള തുല്യത നിലനിർത്തികൊണ്ട് ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളം പരിഷ്കരിക്കുന്നതിന് പരാമർശം (2) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ ശിപാർശ സമർപ്പിച്ചിരുന്നു.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ ശമ്പളവും ആനുകൂല്യങ്ങളും 01.01.2025 പ്രാബല്യത്തിൽ ചുവടെ ചേർക്കും പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | | |
|---|---|---|---|
| (a) | Fixed Pay: | | |
| | ചെയർമാൻ | - | Rs. 2,24,100/- (ജില്ലാ ജഡ്ജിമാരുടെ സൂപ്പർ ടൈം സ്കെയിലിലെ പരമാവധി തുകയ്ക്കു തുല്യം) |
| | അംഗങ്ങൾ | - | Rs. 2,19,090/- (ജില്ലാ ജഡ്ജിമാരുടെ സെലക്ഷൻ ഗ്രേഡ് സ്കെയിലിലെ പരമാവധി തുകയ്ക്കു തുല്യം) |
| (b) | HRA, Conveyance Allowance | - | നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന നിരക്ക് |
| (c) | **ക്ഷാമബത്ത** | - | കേന്ദ്ര നിരക്കിൽ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ചെയർമാൻ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം)
അഡീഷണൽ ചീഫ് സെക്രട്ടറി, ഗവർണ്ണറുടെ കാര്യാലയം, രാജ്ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 2719 തീയതി; 19.02.2025)
ധനകാര്യ വകുപ്പ് (EXp. A2/64/2019-FIN തീയതി; 01.11.2024)
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ